കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിലെ ഹോസ്റ്റൽ സൗകര്യം

80 (2060) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ പോളിടെക്നിക്കൽ ആരംഭിച്ച എഞ്ചിനീയറിംഗ് കോളേജിൽ ഇപ്പോൾ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണോ ;

(ബി) അല്ലെങ്കിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഈ കോമ്പൗണ്ടിനകത്തു തന്നെ ഹോസ്റ്റൽ നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജിന് സ്വന്തമായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ല.

(ബി) കോളേജിന്റെ സമീപപ്രദേശത്തുള്ള ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് താമസസൗകര്യം കോളേജധികൃതർ ചെയ്തുകൊടുത്തിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

വനിതാ പോളിടെക്നിക്കിലെ പ്രിൻസിപ്പൾ നിയമനം

81 (2061) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോളിടെക്നിക്കുകളിലെ പ്രിൻസിപ്പൾ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) ഈ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ട് ആർക്കെങ്കിലും വനിതാ പോളിടെക്നിക്ക് പ്രിൻസിപ്പലായി നിയമനം നൽകിയിട്ടുണ്ടോ ;

(സി) വനിതാ പോളിടെക്നിക്ക് പ്രിൻസിപ്പൾമാരായി നിയമിക്കപ്പെട്ടിട്ടുള്ളവരിൽ എത്രപേരെ സീനിയോറിറ്റി മറി കടന്നുകൊണ്ട് നിയമിച്ചതായി പരാതി ഉണ്ടായിട്ടുണ്ട് ; ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കുമോ ?

ഉത്തരം

(എ) വനിതാ പോളിടെക്നിക്കുകളിലെ പ്രിൻസിപ്പൾ നിയമനത്തിന്റെ നിലവിലുള്ള വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

i വനിതാ പോളിടെക്നിക്കുകളിൽ പഠിപ്പിക്കുന്ന എഞ്ചിനീയറിംഗ് വിഷയങ്ങളിൽ ഏതിലെങ്കിലും ഉള്ള ഡിഗ്രി അല്ലെങ്കിൽ

ii വനിതാ പോളിടെക്നിക്കിൽ പഠിപ്പിക്കുന്ന ഏതെങ്കിലും എഞ്ചിനീയറിംഗ് വിഷയത്തിലുള്ള ഡിപ്ലോമ 60 ശതമാനം മാർക്കോടു കൂടി അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

iii ഇലക്ട്രോണിക്സിൽ സ്പെഷ്യലൈസേഷനോടു കൂടിയ ഫിസിക്സിലുള്ള ഡിഗ്രി അല്ലെങ്കിൽ

iv ഏതെങ്കിലും യൂണിവേഴ്സിറ്റി ഡിഗ്രിയും കോമേഴ്സിലോ കോ-ഓപ്പറേഷനിലോ ഉള്ള അംഗീകൃത ഡിപ്ലോമ ഡിഗ്രി ഉള്ളവർക്ക് 8 വർഷത്തെ മൊത്തം പരിചയവും ഡിപ്ലോമ ഉള്ളവർക്ക് 15 വർഷത്തെ മൊത്തം പരിചയവും അതിൽ 5 വർഷം ടീച്ചിംഗിൽ ഉള്ള പരിചയവും. ലോകബാങ്ക് പദ്ധതിയുടെ കീഴിൽ തുടങ്ങിയ റസിഡൻഷ്യൽ വനിതാ പോളിടെക്നിക്കിൽ എ.ഐ.സി.റ്റി.ഇ.യുടെ നിർദ്ദേശം അനുസരിച്ചുള്ള യോഗ്യതകൾ വേണമെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാനയോഗ്യത വരുന്ന ജനറൽ പോളിടെക്നിക്കിലെ യോഗ്യതകളാണ് ഇവിടുത്തെ പ്രിൻസിപ്പൾ നിയമനത്തിന് കണക്കാക്കുന്നത്.

(ബി) ഈ വ്യവസ്ഥകളെ ലംഘിച്ചുകൊണ്ട് ഇപ്പോൾ ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) സീനിയോറിറ്റി മറി കടന്നുകൊണ്ട് നിയമിച്ചിട്ടില്ല.

കായംകുളം വനിതാ പോളിടെക്നിക്കിന്റെ പണി

82 (2062) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വനിതാ പോളിടെക്നിക്കിന്റെ കെട്ടിടം പണിക്കുള്ള കരാർ നല്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) മാർച്ച് 31-നു മുമ്പ് ഇതിന്റെ കരാർ ഉറപ്പിച്ചു നല്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി ഇപ്പോൾ ബഡ്ജറ്റിലുള്ള പണം ലാപ്സാകാൻ സാദ്ധ്യതയുണ്ടോ ;

(ഇ) ഇതിനായി ഭൂമി അക്വയർ ചെയ്തവകയിൽ ആകെ നല്കിയ വില എത്രയാണ് ; ഒരു സെന്റിന് നല്കിയ വില എത്രയെന്ന് വെളിപ്പെടുത്താമോ ;

(എഫ്) കായംകുളത്തുള്ള ഈ വനിതാപോളിടെക്നിക് സൈറ്റിന് സമീപം ഈ അക്വയറിംഗിന് തൊട്ടു മുമ്പും അതിനുശേഷവും ഭൂമി വിറ്റപ്പോൾ ഒരു സെന്റിന് നല്കിയിട്ടുള്ള വില എത്രയെന്ന് അന്വേഷിച്ചറിയിക്കുമോ ;

(ജി) വനിതാ പോളിടെക്നിക്കിന് തയ്യാറാക്കിയിട്ടുള്ള കെട്ടിടത്തിന്റെ എസ്റ്റിമേറ്റിൽ എത്ര നിലയാണുള്ളത് ; ആകെ എത്ര മുറികളുണ്ടാകും ; ഹോസ്റ്റലുകൾ ഉണ്ടോ ; കളിസ്ഥലങ്ങൾ ഉണ്ടോ ; തയ്യാറാക്കിയിട്ടുള്ള കെട്ടിട സംവിധാനത്തിന്റെ സ്ഥലസൗകര്യം ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly